R13/19596/18, 2822708/2024

# തൃശ്ശൂർ നഗരസഭ

## പരസ്യം സ്ഥാപിക്കലും ലൈസൻസ് ഫീസ്, സ്ഥലവാടക, ഡെപ്പോസിറ്റ്, ഈടാക്കലും കരട് ബൈലോ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 567-ാം വകുപ്പിന്റെ (2), (9), (11), (32) ഖണ്ഡങ്ങളും 207, 231, 232, 273, 274, 275, 367, 368, 369, 372, 375 എന്നീ വകുപ്പുകളും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചും 25.2.2022ലെ സ.ഉ. (അ) നമ്പർ 15/21/തസ്വഭവ വിജ്ഞാപന പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ താഴെപ്പറയുന്ന കരട് നിയമാവലി ഉണ്ടാക്കുന്നു.

അതായത് :-

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

1) ഈ നിയമാവലിക്ക് തൃശ്ശൂർ കോർപ്പറേഷൻ പരസ്യ ബോർഡ് സ്ഥാപിക്കലും ലൈസൻസ് ഫീസ്, തറ വാടക, പെർമിറ്റ് ഫീസ് പിരിവ് ബൈലോ എന്ന് പേര് പറയാം.

2) ബൈലോ കൗൺസിൽ അംഗീകരിക്കുന്ന തിയതി മുതൽ താൽക്കാലികമായും സർക്കാരോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അംഗീകരിക്കുന്ന തിയതി മുതൽ അന്തിമമായും പ്രാബല്യത്തിൽ വരുന്നതാണ്.

3) ഇതിന് തൃശ്ശൂർ നഗരസഭാ പ്രദേശം ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

- നിർവ്വചനങ്ങൾ:- ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം -
- 'സെക്രട്ടറി' എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു.
- 'കെട്ടിടം' എന്നതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.
- 'വാഹനം' എന്നതിന് കേരള മോട്ടോർ വാഹന ആക്ടിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.
- 'പൊതുതെരുവ്' എന്നാൽ ഒരു പൊതുനിരത്തായിരുന്നാലും അല്ലെങ്കിലും, പൊതുജനങ്ങൾക്ക് വഴിയായി ഉപയോഗിക്കുവാൻ അവകാശമുള്ളതായ ഏതെങ്കിലും തെരുവ്, റോഡ്, ഇടവഴി, വഴി അഥവാ സവാരിപ്പാത എന്നർത്ഥമാകുന്നു.



Scanned with OKEN Scanner

- 'ചുവരുകൾ' എന്നാൽ എന്തെങ്കിലും കെട്ടിടം, എടുപ്പ്, മതിൽ, കോമ്പൗണ്ട് വാൾ എന്നിവയുടെ ചുവരുകൾ എന്നർത്ഥമാകുന്നു.
- 'പരസ്യബോർഡുകൾ' എന്നാൽ ചതുരത്തിലോ, ദീർഘചതുരത്തിലോ, മറ്റേതെങ്കിലും ആകൃതിയിലോ നാല് ചുറ്റും ബലപ്പെടുത്തിയതോ തുണി കൊണ്ടോ, പോളി എത്തിലീൻ കൊണ്ടോ എന്തെങ്കിലും ലോഹനിർമ്മിതമായ മറ്റ് വസ്തുക്കൾ ഉപയോഗിച്ചോ അല്ലെങ്കിൽ മരം കൊണ്ടോ നിർമ്മിച്ച് ജനശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ പ്രദർശിപ്പിക്കപ്പെടുന്ന 12 സ്ക്വയർ മീറ്റർ വരെയുള്ള ഹോർഡിംഗുകൾ, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ്, ഡിവൈഡർ, കൈവരി ഉൾപ്പെടെയുള്ള പരസ്യബോർഡുകൾ എന്നർത്ഥമാകുന്നു.
- 'ഹോർഡിംഗ്സുകൾ' എന്നാൽ ചതുരത്തിലോ, ദീർഘചതുരത്തിലോ, മറ്റേതെങ്കിലും ആകൃതിയിലോ നാല് ചുറ്റും ബലപ്പെടുത്തിയതോ തുണി കൊണ്ടോ, പോളി എത്തിലീൻ കൊണ്ടോ എന്തെങ്കിലും ലോഹനിർമ്മിതമായ മറ്റ് വസ്തുക്കൾ ഉപയോഗിച്ചോ അല്ലെങ്കിൽ മരം കൊണ്ടോ നിർമ്മിച്ച് ജനശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ പ്രദർശിപ്പിക്കപ്പെടുന്ന 12 സ്ക്വയർ മീറ്ററിന് മുകളിൽ ഉള്ള ഹോർഡിംഗുകൾ, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ്, ഡിവൈഡർ, കൈവരി ഉൾപ്പെടെയുള്ള പരസ്യബോർഡുകൾ എന്നർത്ഥമാകുന്നു.
- 'സ്കൈ സൈനുകൾ' എന്നാൽ ഒരു സ്ഥാപനമോ, വ്യക്തിയോ, സൊസൈറ്റിയോ തിരിച്ചറിയൽ ആവശ്യത്തിലേക്കായി ഒരു കെട്ടിടത്തിനോടോ മറ്റേതെങ്കിലും എടുപ്പുകളോടോ അനുബന്ധമായി അല്ലെങ്കിൽ എടുപ്പുകളുടെ സഹായത്തോടെ അല്ലെങ്കിൽ സ്വതന്ത്രമായി സ്ഥാപിച്ചിരിക്കുന്ന ഒരു ചിഹ്നമെന്ന് അർത്ഥമാകുന്നു.
- നഗരസഭ പരിധിയിലെ പരസ്യങ്ങളെ മൂന്നായി തിരിക്കാം

  എ) സ്ഥാപിക്കുന്ന രാഷ്ട്രീയ പാർട്ടികൾ, പള്ളികൾ, അമ്പലങ്ങൾ, കേന്ദ്ര/കേരള സർക്കാർ സംഘടനകൾ എന്നിവർ സ്ഥാപിക്കുന്ന താല്ക്കാലിക ബോർഡുകൾ/സിനിമാ പോസ്റ്ററുകൾ മുതലായവ 12 സ്കവയർ മീറ്റർ വരെ.

  ബി) സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി, സ്ട്രക്ച്ചറൽ ഡ്രോയിംഗ്, ഇൻഷൂറൻസ് എൻ.ഒ.സി എന്നിവയോടു കൂടി നല്ല ഉറപ്പോടെ ഏതു പ്രതികൂല കാലാവസ്ഥയും നേരിടുന്ന ഉറപ്പോടെ ബിൽഡിംഗിന്റെ



Scanned with OKEN Scanner

മുകളിലും നിലങ്ങളിലും വശങ്ങളിലുമായി പരമാവധി 140 സ്ക്വയർ മീറ്റർ വരെ സ്ഥാപിക്കുന്ന പരസ്യങ്ങൾ, പുറമെ കൈവരികൾ, ഡിവൈഡറുകൾ ഉൾപ്പെടെയുള്ളവയിൽ സ്ഥാപിക്കുന്നവ

സി) സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി, സ്ട്രക്ച്ചറൽ ഡ്രോയിംഗ്, ഇൻഷൂറൻസ് എൻ.ഒ.സി എന്നിവയോടു കൂടി നല്ല ഉറപ്പോടെ ഏതു പ്രതികൂല കാലാവസ്ഥയും നേരിടുന്ന ഉറപ്പോടെ ബിൽഡിംഗിന്റെ മുകളിലും നിലങ്ങളിലും വശങ്ങളിലുമായി 140 സ്ക്വയർ മീറ്ററിനു മുകളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾ, പുറമെ കൈവരികൾ, ഡിവൈഡറുകൾ ഉൾപ്പെടെയുള്ളവയിൽ സ്ഥാപിക്കുന്നവ

4) തൃശ്ശൂർ നഗരപ്രദേശത്ത് പരസ്യങ്ങളുടെ ബാഹുല്യം നിമിത്തം നഗരത്തിന്റെ തനിമയും ഭംഗിയും നഷ്ടപ്പെടാതിരിക്കുന്നതിനും, നഗരം പരസ്യങ്ങൾ കൊണ്ട് വികൃതമാക്കാതിരിക്കുന്നതിനുമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഉദ്ദേശ ലക്ഷ്യത്തോടെയാണ് നഗരസഭ കൗൺസിൽ 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 567–ാം വകുപ്പിന്റെ (2), (9), (11), (32) എന്നീ ഉപവകുപ്പുകളും ടി ആക്ടിന്റെ 207, 273, 274, 275, 367, 368, 369, 372, 375 എന്നീ വകുപ്പുകളും അനുസരിച്ചും 25.2.2022 ലെ 15/21 തസ്വഭവ വിജ്ഞാപനത്തെ അടിസ്ഥാനപ്പെടുത്തി ഈ ബൈലോ അംഗീകരിക്കുന്നത്.

5) തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള അനുവാദം കൂടാതെ കേരള മുനിസിപ്പൽ ആക്ട് 1994, സെക്ഷൻ 272 പ്രകാരം നഗരസഭ പ്രദേശത്ത് യാതൊരു പരസ്യവും ഏതെങ്കിലും പൊതു സ്ഥലത്തോ, റോഡ് പുറമ്പോക്കിലോ, പൊതു കളിസ്ഥലങ്ങളിലോ, സ്വകാര്യ സ്ഥലങ്ങളിലോ പ്രദർശിപ്പിക്കുകയോ, ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ, ചുമരിന്മേലോ, പരസ്യ പലകയിൻമേലോ, എടുപ്പിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ കുത്തനെ നിർത്തുകയോ ഉറപ്പിച്ചു നിർത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തോ, ആകാശത്തിലോ പൊതുജന ശ്രദ്ധയ്ക്കായി പ്രദർശിപ്പിക്കാനോ സ്ഥാപിക്കാനോ പാടുള്ളതല്ല.

6) ചരിത്ര സ്മാരകങ്ങളായ കെട്ടിടങ്ങൾ, ചുമരുകൾ, സ്മാരകങ്ങൾ, പൊതു ഉദ്യാനങ്ങൾ, പൊതു കെട്ടിടങ്ങൾ, ട്രാഫിക് ഐലന്റുകൾ എന്നിവയ്ക്ക് തടസ്സം വരുന്ന രീതിയിൽ യാതൊരു പരസ്യവും സ്ഥാപിക്കാൻ പാടില്ലാത്തതാകുന്നു.



Scanned with OKEN Scanner

7) യാതൊരുവിധ കമാനങ്ങളും, പരസ്യ ഹോർഡിംഗുകളും, ബോർഡുകളും, സിനിമാ പോസ്റ്ററുകളും, ചുവർ പരസ്യങ്ങളും, ആരാധനാലയങ്ങൾ, കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നഗരസഭ നിശ്ചയിക്കുന്ന മറ്റ് സ്ഥലങ്ങൾ, ജംഗ്ഷനുകൾ, ട്രാഫിക് ഐലന്റുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ പാടില്ലാത്തതാകുന്നു.

8) സെക്രട്ടറി /സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന തരത്തിലും നിബന്ധനകൾ അനുസരിച്ചും നഗരപ്രദേശത്ത് വൃത്തിയായും ഭംഗിയായും അനുവദിക്കുന്ന സ്ഥലങ്ങളിൽ താൽക്കാലികമായി മാത്രമേ സിനിമാ പോസ്റ്ററുകൾ ഉൾപ്പെടെയുള്ള പരസ്യങ്ങൾ സ്ഥാപിക്കാൻ പാടുള്ളൂ.

9) തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അനുമതിക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി മാത്രമേ പൊതു മേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ഏതു പരിസരത്തിലും, വാഹനത്തിലും, റോഡ് പുറമ്പോക്കിലും സ്വകാര്യ വ്യക്തികളുടെ വസ്തുക്കളിലും പരസ്യം പ്രദർശിപ്പിക്കാൻ പാടുള്ളൂ.

10) നഗരസഭാതിർത്തിയിൽ ഏതൊരു ഭാഗത്തും പരസ്യം സംബന്ധിച്ചുള്ള ഏതെങ്കിലും അടയാളമോ, അക്ഷരങ്ങളോ, ചിഹ്നമോ പ്രദർശിപ്പിക്കുന്നതിന് മുമ്പായി നഗരസഭയുടെ അനുമതി വാങ്ങിയിരിക്കേണ്ടതും, നിശ്ചിത നിരക്കിലുള്ള ലൈസൻസ് ഫീസ് ഫീസ്, തറവാടക, പെർമിറ്റ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ ഒടുക്കേണ്ടതുമാണ്.

11) കാലാകാലങ്ങളിൽ നഗരസഭ പരസ്യവിമുക്ത മേഖലയായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ പരസ്യങ്ങൾക്ക് അനുമതി നൽകുന്നതല്ല.

12) വാഹന ഗതാഗതത്തിനോ കാൽനടയാത്രക്കാർക്കോ അസൗകര്യമുണ്ടാക്കുന്ന തരത്തിൽ യാതൊരു വിധ പരസ്യബോർഡോ, തൂണോ സ്ഥാപിക്കാൻ പാടുള്ളതല്ല. പരസ്യ ബോർഡിന്റെയോ തൂണുകൾ ടാർ/കോൺക്രീറ്റിംഗ് ചെയ്ത ഭാഗത്തിന്റെ വെളിയിലായിരിക്കണം സ്ഥാപിക്കേണ്ടത്. ഫുട്പാത്തുള്ള റോഡിന്റെ ഫുട്പാത്തിന് വെളിയിൽ മാത്രമേ പരസ്യബോർഡിന്റെയോ തൂണുകൾ സ്ഥാപിക്കാൻ പാടുള്ളൂ.

13) 1999-ലെയും 2021ലെയും കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളുടെ നാലാം ചട്ടത്തിന്റെ (3) (എ) പ്രകാരം പരസ്യ ബോർഡുകൾ അനുവദിക്കുന്നത് ഹ്രസ്വകാലത്തേക്ക് മാത്രമാണ്. പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് മൂലം റോഡിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം പരസ്യ ബോർഡുകൾ പൊളിച്ച് നീക്കിയാൽ ഉടൻതന്നെ ലൈസൻസി ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് പൂർവ്വസ്ഥിതിയിലാക്കേണ്ടതും, അല്ലാത്തപക്ഷം പ്രസ്തുത ജോലി കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്യിക്കുന്നതും,



Scanned with OKEN Scanner

ചെലവ് ലൈസൻസിയുടെ ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതും തികയാതെ വരുന്ന തുക വസ്തുനികുതി കുടിശ്ശിക ഈടാക്കുന്ന നടപടിക്രമമനുസരിച്ച് ലൈസൻസിയിൽ നിന്നും ഈടാക്കുന്ന നിയമ നടപടിക്ക് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

14) പരസ്യബോർഡുകൾ, തൂണുകൾ എന്നിവ സ്ഥാപിക്കുന്നത് വൈദ്യുതി ലൈനുകളിൽ നിന്നും അപകട സാധ്യത ഒഴിവാക്കി കൊണ്ടായിരിക്കണം. കമാനമോ, പരസ്യബോർഡോ, തൂണോ പൊതുനിരത്തിലോ സ്വകാര്യ സ്ഥലത്തോ സ്ഥാപിച്ചതുമൂലം ആർക്കെങ്കിലും എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വം ലൈസൻസിക്ക് ആയിരിക്കുന്നതും, നഷ്ടപരിഹാരം നൽകാൻ ലൈസൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതും, ഇക്കാര്യത്തിൽ നഗരസഭയ്ക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടാരിയിക്കുന്നതുമല്ല. വൈദ്യുതി ലൈനുകളിൽ നിന്നുള്ള അകലം നിയമാനുസൃതം ആയിരിക്കേണ്ടതാണ്.

15) വഴിയോരങ്ങളിലും വഴിക്കവലകളിലും ബസ് സ്റ്റോപ്പുകളിലും ട്രാഫിക്കിന് തടസ്സം വരാത്ത രീതിയിൽ സ്ഥാപിക്കുന്ന എൽ.ഇ.ഡി ഡിജിറ്റൽ പരസ്യബോർഡുകൾ നിശ്ചലമായ പരസ്യങ്ങൾ/സ്ക്രോൾ ബോർഡുകൾ ശബ്ദരഹിതമായി പ്രദർശിപ്പിക്കുന്നതിന് മാത്രമേ അനുമതി നൽകുകയുള്ളു.

16) നിലത്തു സ്ഥാപിക്കുന്ന ബോർഡുകളുടെ മൊത്തം ഉയരം പരമാവധി 9 മീറ്റർ ആയും, കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുന്നവയുടെ മൊത്തം ഉയരം സ്ലാബിൽ നിന്നും പരമാവധി 9 മീറ്റർ ആയും, പരസ്യ ഫലകത്തിന്റെ പരമാവധി ഉയരം 6 മീറ്ററായും, നീളം പരമാവധി 15 മീറ്ററായും നിജപ്പെടുത്തിയിരിക്കുന്നു. ഓവർബ്രിഡ്ജുകളുടെ വശങ്ങളിൽ ഉള്ള സ്ഥലത്ത് സ്ഥാപിക്കുന്ന പരസ്യങ്ങൾ പരമാവധി തറനിരപ്പിൽ നിന്നും 24 മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നു. ചുവരിന്റെയോ പാരപ്പെറ്റിന്റെയോ, മോന്തായത്തിന്റെയോ യാതൊരു ഭാഗത്തു നിന്നും ഒരു മീറ്ററി ലധികം ഉയരത്തിൽ ബോർഡോ, ചട്ടക്കൂടോ, മറ്റ് ഉപകരണമോ നിൽക്കാൻ പാടില്ലാത്തതാകുന്നു.

17) 12 സ്ക്വയർ മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ ബോർഡുകൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതും ഹോർഡിംഗുകൾക്ക് എം.ടെക് സ്ട്രക്ച്ചറൽ എഞ്ചിനീയറിൽ നിന്നും ' സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

18a) ഏതൊരു വ്യക്തിയും പരസ്യം പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിയമാനുസൃതം പരസ്യം സംബന്ധിച്ചുള്ള വിവരങ്ങൾ സ്ഥാപിക്കുന്ന



Scanned with OKEN Scanner

പരസ്യബോർഡുകളുടെ വിവരണം ബോർഡ് സ്ഥാപിക്കാൻ ഉപയോഗിക്കുന്ന സാധനങ്ങൾ, ലൊക്കേഷൻ പ്ലാൻ, ജി.പി.എസ്. ലൊക്കേഷൻ, സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് സ്വകാര്യ/സർക്കാർ സ്ഥലം ഉടമയുടെ സമ്മതപത്രം, ഇൻഷൂറൻസ് പരിരക്ഷ എന്നിവ സഹിതം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് കെ. സ്മാർട്ട് മുഖേന ഓൺലൈൻ ആയി കുറഞ്ഞത് 7 ദിവസം മുമ്പ് അപേക്ഷ നൽകേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി/ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ക്ഷമതയുള്ള ഉദ്യോഗസ്ഥരെ കൊണ്ട് പരിശോധന നടത്തി സാധുവായ അപേക്ഷകരിൽ നിന്നും ഡെപ്പോസിറ്റ്, പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ്, തറവാടക എന്നിവ ഈടാക്കി ഒരു വർഷത്തേക്ക് പെർമിറ്റ് അനുവദിക്കുന്നതാണ്. ഓരോ ഹോർഡിംഗ്സിന്റേയും കാലാവധി ഒരു വർഷമാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് പരസ്യബോർഡുകൾ സ്വന്തം ചെലവിൽ എല്ലാ മേഖലയിൽ നിന്നും (പ്രൈവറ്റ് വ്യക്തികളുടെ/സ്ഥാപനങ്ങൾ ഉൾപ്പെടെ) നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ടി തുക വസൂലാക്കി ഹോർഡിംഗ്സ് തൃശ്ശൂർ കോർപ്പറേഷൻ നീക്കം ചെയ്യും. തുടർച്ചാനുമതി ആവശ്യമെങ്കിൽ മതിയായ രേഖകൾ സഹിതം പെർമിറ്റ് പിരീഡ് കഴിയുന്നതിനുമുൻപ് അപേക്ഷ ഹാജരാക്കി അനുമതി വാങ്ങി പെർമിറ്റ് ഫീസ് അടയ്ക്കേണ്ടതാണ്.

18b) 12 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള എല്ലാത്തരം ബോർഡുകളും സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഒഴികെയുള്ള എല്ലാ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും ആയതിന് അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കി ഒരു വർഷത്തേയ്ക്ക് പെർമിറ്റ് അനുവദിക്കുന്നതുമാണ്.

18c) എഞ്ചിനീയർ, ഡോക്ടർ, വക്കീൽ, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങിയ പ്രൊഫഷണലുകളുടെ വാസഗൃഹങ്ങളിലും സ്ഥാപനങ്ങളിലും വയ്ക്കുന്ന ഒരു ബോർഡിന് (പരമാവധി 0.50 സ്ക്വയർ മീറ്റർ വരെ) പെർമിറ്റ്, ലൈസൻസ് ഫീസ് എന്നിവയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. (വഴിയിൽ വെയ്ക്കുന്നതിന് അപേക്ഷ ഫീസ് ഈടാക്കുന്നതാണ്.)

18d) സ്ഥാപനങ്ങളുടേയോ, കടകളുടേയോ മുമ്പിൽ ടി സ്ഥാപനത്തിന്റേയോ, കടയുടേയോ പേര് പ്രദർശിപ്പിച്ചിട്ടുള്ള 3 സ്ക്വയർ മീറ്റർ വരെയുള്ള ഒരു ബോർഡിന് അനുമതി ആവശ്യമില്ല. എന്നാൽ കൂടുതൽ വലിപ്പത്തിലോ എണ്ണത്തിലോ പരസ്യം സ്ഥാപിക്കുന്നതിന് അനുമതി വാങ്ങേണ്ടതാണ്.



Scanned with OKEN Scanner

19) ലൈസൻസ് ഫീസ്, തറവാടക, ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ച നിരക്കുകൾ തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലുകൾക്ക് യഥാസമയം നിശ്ചയിക്കുവാൻ അധികാരമുണ്ട്. എന്നാൽ ആ നിരക്കുകൾ ടി ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതും ആയവ സർക്കാർ നിശ്ചയിക്കുന്ന ഒഴിവാക്കലുകൾക്ക് വിധേയമായിട്ടായിരിക്കുന്നതുമാണ്.

20) പരസ്യ ബോർഡുകൾ സംബന്ധിച്ച പരിശോധനകൾക്കും അനധികൃത ബോർഡുകൾ കണ്ടെത്തുന്നതിനുമായി ഒരു പ്രത്യേക സെക്ഷൻ രൂപീകരിക്കേണ്ടതാണ്. അതിൽ 1) അസിസ്റ്റൻറ് എഞ്ചിനീയർ, 2) ഓവർസീയർ, 3) റവന്യൂ ഇൻസ്പെക്ടർമാർ, 4) ക്ലർക്ക് എന്നിവരെ ഉൾപ്പെടുത്തേണ്ടതാണ്.

21) ഡെപ്പോസിറ്റ്, ഫീസുകൾ എന്നിവ ഒടുക്കികഴിഞ്ഞാൽ സെക്രട്ടറി/സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ പക്കൽ നിന്നും ലഭ്യമാകുന്ന അനുമതി പത്രം അടങ്ങിയ സ്റ്റിക്കർ/ഇലക്ട്രോണിക് ടാഗ് എന്നിവ ഓരോ വ്യക്തിയും, സ്ഥാപനങ്ങളും പരസ്യബോർഡുകളിൽ താഴെ വലതുഭാഗത്ത് പൊതുജനങ്ങൾക്ക് വായിക്കാൻ സാധിക്കുന്ന വലിപ്പത്തിൽ നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്. അനുമതി പത്രം പ്രദർശിപ്പിക്കാതെയുള്ള പരസ്യങ്ങൾ അനധികൃതമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

22) കോർപ്പറേഷൻ പ്രദേശത്ത് നിശ്ചിയിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പതിക്കുന്ന സിനിമാപോസ്റ്ററുകൾക്ക് അംഗീകൃത ഫിലിം ഏജൻസികൾ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി/ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും അനുമതി വാങ്ങി നിശ്ചിത ഫീസ് ഒടുക്കുകയും നഗരസഭയുടെ മുദ്ര പതിച്ചിരിക്കേണ്ടതുമാണ്. ഇപ്രകാരം മുദ്ര പതിക്കാത്ത പോസ്റ്ററുകൾ അനധികൃതമായി കണക്കാക്കി കേരള മുനിസിപ്പൽ ആക്ട് ആന്റ് റൂൾസ് അനുശാസിക്കുന്ന ശിക്ഷാ നടപടി സ്വീകരിക്കുന്നതാണ്. സിനിമാ പോസ്റ്ററുകളുടെ കാലാവധി സംബന്ധച്ച് നഗരസഭയ്ക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. മാക്സിമം കാലാവധി 15 ദിവസം ആയിരിക്കുന്നതാണ്.

23) ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയമുള്ള കേന്ദ്ര/കേരള സർക്കാർ നിരോധിക്കാത്ത വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവയ്ക്ക് തൃശ്ശൂർ കോർപ്പറേഷൻ ലൈസൻസ് അനുവദിച്ച് നൽകുന്നതാണ്. ഇതിനായി സ്ഥാപനം/വ്യക്തി നഗരസഭയിൽ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 5000/- രൂപ നഗരസഭയിൽ അടവാക്കേണ്ടതുമാണ്. ലൈസൻസിന്റെ കാലാവധി 3 വർഷം ആയിരിക്കുന്നതാണ്. ഓരോ മൂന്ന് വർഷം കഴിയുമ്പോഴും 1000/- രൂപ അടവാക്കി കൊണ്ട് ലൈസൻസ് പുതുക്കാവുന്നതാണ്. തൃശൂർ കോർപ്പറേഷൻ



Scanned with OKEN Scanner

പരിധിയിൽ ഇത്തരം ലൈസൻസ് എടുത്തിട്ടുള്ളവർക്കു മാത്രമേ താൽക്കാലിക സംവിധാനങ്ങൾ ഒഴികെ പരസ്യബോർഡുകൾ സ്ഥാപിക്കാൻ ലൈസൻസ് അനുവദിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ വാർഷിക ടേണോവർ കുറഞ്ഞത് 25 ലക്ഷം രൂപ ആയിരിക്കണം. സ്വന്തം വീടിന്റെ / സ്ഥാപനത്തിന്റെ മുകളിലോ സ്വന്തം ബിസിനസ്സ് ആവശ്യത്തിനുള്ള ബോർഡിന് ഇത് ബാധകമല്ല.

24) കോർപ്പറേഷന്റെ നിർദ്ദേശപ്രകാരം പരസ്യങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന (സ്വകാര്യ വ്യക്തികളുടെ ഒഴികെ) സ്ഥാപനങ്ങൾ ഏതാണെന്ന് കോർപ്പറേഷൻ സെക്രട്ടറി പ്രത്യേക ലിസ്റ്റ് ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിനായി കോർപ്പറേഷൻ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എവിടെയൊക്കെയാണ് പരസ്യങ്ങൾ സ്ഥാപിക്കുവാൻ കഴിയുക എന്നത് പരിശോധിച്ച് താൽക്കാലികമായി പ്രസിദ്ധപ്പെടുത്തുന്നതും പരാതികൾ കേൾക്കുന്നതും നിയമാനുസൃതം പരാതികൾ പരിഹരിച്ച് അന്തിമലിസ്റ്റ് ഉണ്ടാകുന്നതുമാണ്.

25) പുതുതായി സ്ഥാപിക്കുന്ന ബോർഡുകൾ നിലവിലുള്ള ബോർഡുകളുടെ കാഴ്ചയെ മറയ്ക്കുന്നില്ലായെന്ന് അപേക്ഷകരും പരിശോധകരും ഉറപ്പ് വരുത്തേണ്ടതാണ്. കാഴ്ചയെ മറക്കുന്ന രീതിയിൽ യാതൊരു പരസ്യവും സ്ഥാപിക്കരുത്.

26) പ്രകോപനപരമായതും മതവികാരം വ്രണപ്പെടുത്തുന്നതും കൊലപാതക ദൃശ്യം ഉൾപ്പെടെ ബീഭത്സമായ രംഗങ്ങൾ ഉൾപ്പെട്ടതും സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിക്കുന്നതുമായ പരസ്യങ്ങളും അശ്ലീല പരസ്യങ്ങളും നിരോധിക്കപ്പെട്ട പരസ്യങ്ങളും യാതൊരു കാരണവശാലും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പരസ്യം പ്രദർശിപ്പിക്കാനുപയോഗിക്കുന്ന തുണി നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നം ഉപയോഗിച്ച് നിർമ്മിച്ചവ ആയിരിക്കരുത്. പ്രിന്റിംഗ് നിയമത്തിൽ പറയുന്ന പ്രകാരം പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും മേൽ വിലാസവും പരസ്യബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

27) പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ള ഓരോ സ്ഥലങ്ങൾക്കും കൗൺസിൽ തീരുമാനിക്കുന്ന സാമ്പത്തിക വർഷത്തേക്കും ഓരോന്നായി നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യം സ്ഥാപിക്കുന്നതിലേക്കായി (തറ വാടക) കൂടിയത് 10 വർഷത്തേക്ക് പരസ്യമായി പരസ്യലേലം/ക്വട്ടേഷൻ ചെയ്തു നൽകാവുന്നതാണ്. ഓരോ മൂന്നു കൊല്ലം കൂടുമ്പോഴും 10 ശതമാനം വർദ്ധനവ് വരുത്തുന്നതാണ്. എന്നാൽ ഇപ്പോൾ പരസ്യം ചെയ്തു വരുന്ന ഏജൻസികളുടെ/സ്ഥാപനങ്ങളുടെ കാലാവധി നിലവിലുള്ള എഗ്രിമെന്റ് കൂടിയത് 10 വർഷകാലത്തേക്ക് തുടരാവുന്നതാണ്. ഇവരുടെ റേറ്റും



Scanned with OKEN Scanner

വർദ്ധനവും പഴയ എഗ്രിമെന്റ് പ്രകാരം തുടരുന്നതാണ്(കൂടാനോ കുറയാനോ പാടില്ല.) എന്നാൽ നിലവിലെ ഇവരുടെ നിരക്ക് മിനിമം റേറ്റിനേക്കാൾ കുറയാൻ പാടുള്ളതല്ല.

28) ലേല/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം പിടിക്കുന്ന ആളിന് പരസ്യം പ്രദർശിപ്പിക്കുന്നതിന് കുത്തക തുക ഈടാക്കി അനുമതി നൽകുന്നതാണ്. ലേലം പിടിക്കുന്ന ആൾക്ക് സ്വന്തം ചെലവിൽ ബോർഡ് സ്ഥാപിക്കാവുന്നതും പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ബൈലോയിലെ വ്യവസ്ഥകളും മറ്റു പൊതു നിബന്ധനകൾ പാലിക്കേണ്ടതും കുത്തക തുക ഒടുക്കി നിയമ വിധേയമായി പരസ്യ പ്രദർശനം നടത്താവുന്നതുമാണ്.

29) ഏതൊരു പരസ്യബോർഡുകളും, ഹോർഡിംഗുകളും സിനിമാ പോസ്റ്ററുകളും മറ്റു പരസ്യങ്ങളും നിരോധിക്കുന്നതിനും അനുമതി നൽകിയവയാണെങ്കിലും പൊതുജനങ്ങൾക്കും, കാൽനടക്കാർക്കും, വാഹന ഗതാഗതത്തിനും വാഹനമോടിക്കുന്നവർക്കും തടസ്സമാണെന്ന് സെക്രട്ടറിക്ക് ബോദ്ധ്യം വന്നാൽ അവയെ മാറ്റാൻ ഉടമകളോട് ആവശ്യപ്പെടാവുന്നതും ഉടമ മാറ്റാത്തപക്ഷം ടി പരസ്യങ്ങൾ ഉടമകളുടെ നഷ്ടോത്തരവാദിത്വത്തിൽ സെക്രട്ടറി/ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നീക്കം ചെയ്യുന്നതാണ്. കോർപ്പറേഷൻ/സർക്കാർ താല്പര്യം മുൻനിറുത്തി ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുന്നത് സെക്രട്ടറി/ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നിരസിക്കുന്ന സാഹചര്യം ഉണ്ടായാൽ അപ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുള്ള കുത്തക തുക കാലയളവിന് ആനുപാതികമായി ഉടമയ്ക്ക് മടക്കി നൽകുന്നതായിരിക്കും.

30) ഈ ബൈലോയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയുടെയും, സ്ഥാപനത്തിന്റെയും, പരസ്യം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് നീക്കംചെയ്യാവുന്നതും അതിനായി ചെലവാകുന്ന മുഴുവൻ തുകയും പ്രദർശിപ്പിക്കുന്ന വ്യക്തി/ പരസ്യം ഏത് സ്ഥാപനം/ ഉടമയുടെ കൈയിൽ നിന്നും ഈടാക്കാവുന്നതുമാണ്.

31) പരസ്യം സ്ഥാപിക്കൽ ഫീസ്, തറവാടക, തതുല്യമായ പെനാൽട്ടി എന്നിവ ഉൾപ്പെടെ ഏതൊരു പരസ്യം പ്രദർശിപ്പിക്കുന്ന വ്യക്തിയോ സ്ഥാപനമോ, സർക്കാർ സ്ഥാപനങ്ങളോ യഥാസമയം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ അനുമതി കൂടാതെ പരസ്യം പ്രദർശിപ്പിക്കുന്നതായി കാണുന്നതായാൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് പിഴ ചുമത്തി നോട്ടീസ് നൽകാവുന്നതും പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ്, പരിശോധനാ ഫീസ് എന്നിവയുടെ രണ്ടിരട്ടി തുക ഈടാക്കാവുന്നതും മറ്റ് നികുതികൾ ഈടാക്കുന്ന വ്യവസ്ഥകൾ പ്രകാരം ശിക്ഷാനടപടി സ്വീകരിച്ച് തുക വസൂലാക്കാവുന്നതുമാണ്.



Scanned with OKEN Scanner

32) മേൽ പ്രസ്താവിച്ച ബൈലോകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയെയും സ്ഥാപനത്തേയും സർക്കാർ സ്ഥാപനങ്ങളിലെ വകുപ്പ് മേധാവിയേയും പൊതുമേഖലാ സ്ഥാപനങ്ങളേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 275(2) പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയമാക്കാവുന്നതും, പ്രസ്തുത പരസ്യം ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ പൊളിച്ചു നീക്കം ചെയ്യുന്നതുമാണ്.

33) അനധികൃത പരസ്യം സ്ഥാപിച്ച വകയിൽ മുനിസിപ്പാലിറ്റിക്ക് ഏതെങ്കിലും തുക അടയ്ക്കാൻ വീഴ്ചവരുത്തിയ കുറ്റം ഒഴികെ ഒരിക്കൽ രാജിയാക്കിയ അതേ കുറ്റം ആവർത്തിക്കുന്ന സംഗതികളിൽ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

34) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടോ അതുപ്രകാരമുള്ള ചട്ടമോ, ബൈലോ റെഗുലേഷനോ പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ ലൈസൻസോ അനുവാദമോ നഗരസഭയിലെ രജിസ്ട്രേഷനോ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായിരിക്കുകയും അങ്ങനെയുള്ള അനുവാദമോ രജിസ്ട്രേഷനോ കൂടാതെയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ലൈസൻസിലെ വ്യവസ്ഥകൾക്ക് യോജിക്കാത്ത വിധത്തിലോ ചെയ്യുന്നതാകയാൽ,

എ) 1994 ലെ കേരള മുനിസിപ്പൽ ആക്ട് പ്രകാരം സെക്രട്ടറിക്കോ അദ്ദേഹം യഥാവിധി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അങ്ങനേയുള്ള പ്രവർത്തി ചെയ്യപ്പെടുന്ന കെട്ടിടത്തിലോ, ഭൂമിയിലോ (7 ദിവസത്തിനുള്ളിൽ) മുൻകൂട്ടി അറിയിച്ചശേഷം പ്രവേശിക്കുന്നതിനും ആ പ്രവൃത്തി തടയുന്നതിനാവശ്യമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

ബി) നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കുന്നില്ലായെങ്കിൽ ലൈസൻസ് ഇല്ലാത്തസാധനമോ, ലൈസൻസ് ഇല്ലാത്ത പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സാധനങ്ങളോ സെക്രട്ടറിക്ക് പിടിച്ചെടുക്കാവുന്നതും പിടിച്ചെടുക്കപ്പെടുന്ന എല്ലാ സാധനങ്ങളും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 474-ാം വകുപ്പ് പ്രകാരം പിടിച്ചെടുക്കപ്പെടുന്ന സാധനങ്ങൾ കൈയൊഴിയാൻ വ്യവസ്ഥചെയ്തിട്ടുള്ള വിധത്തിൽ കൈയൊഴിക്കേണ്ടതുമാണ്.

35) നഗരസഭ പരിധിയിലെ പരസ്യങ്ങളെ മൂന്നായി തിരിക്കാം

എ)സ്ഥാപിക്കുന്ന രാഷ്ട്രീയ പാർട്ടികൾ, പള്ളികൾ, അമ്പലങ്ങൾ, കേന്ദ്ര/കേരള സർക്കാർ സംഘടനകൾ എന്നിവർ സ്ഥാപിക്കുന്ന താല്ക്കാലിക ബോർഡുകൾ/സിനിമാ പോസ്റ്ററുകൾ മുതലായവ 12 സ്ക്വയർ മീറ്റർ വരെ

ബി)സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി, സ്ട്രക്ച്ചറൽ ഡ്രോയിംഗ്, ഇൻഷുറൻസ് എൻ.ഒ.സി എന്നിവയോടു കൂടി നല്ല ഉറപ്പോടെ ഏതു പ്രതികൂല കാലാവസ്ഥയും നേരിടുന്ന ഉറപ്പോടെ ബിൽഡിംഗിന്റെ മുകളിലും നിലങ്ങളിലും വശങ്ങളിലുമായി പരമാവധി 140 സ്ക്വയർ മീറ്റർ വരെ



Scanned with OKEN Scanner

സ്ഥാപിക്കുന്ന പരസ്യങ്ങൾ, പുറമെ കൈവരികൾ, ഡിവൈഡറുകൾ ഉൾപ്പെടെയുള്ളവ യിൽ സ്ഥാപിക്കുന്നവ

സി) സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി, സ്ട്രക്ച്ചറൽ ഡ്രോയിംഗ്, ഇൻഷുറൻസ് എൻ.ഒ.സി എന്നിവയോടു കൂടി നല്ല ഉറപ്പോടെ ഏതു പ്രതികൂല കാലാവസ്ഥയും നേരിടുന്ന ഉറപ്പോടെ ബിൽഡിംഗിന്റെ മുകളിലും നിലങ്ങളിലും വശങ്ങളിലുമായി 140 സ്ക്വയർ മീറ്ററിനുമുകളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾ, പുറമെ കൈവരികൾ, ഡിവൈഡറുകൾ ഉൾപ്പെടെയുള്ളവ യിൽ സ്ഥാപിക്കുന്നവ

## നടപടിക്രമങ്ങൾ

| ക്രമ നമ്പർ | പരസ്യത്തിന്റെ വിശദാംശം | ലൈസൻസ് ഫീസ്/വർഷം (സാമ്പത്തിക വർഷം) | | പെർമിറ്റ് ഫീസ്/വർഷം ഒരിക്കൽ മാത്രം | | ഡെപ്പോസിറ്റ് | അപേക്ഷ ഫീസ്/ ഒരിക്കൽ മാത്രം |
|---|---|---|---|---|---|---|---|
| | | പഴയത് | പുതിയത് | പഴയത് | പുതിയത് | | |
| 1 | ചെറിയ നെയിംബോർഡുകൾ വക്കീൽ, ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ് മുതലായവരുടെ (0.50 ച.മീറ്റർ വരെ) | അനുവാദം വാങ്ങിയാൽ മതി | അനുവാദം വാങ്ങിയാൽ മതി | അനുവാദം വാങ്ങിയാൽ മതി | അനുവാദം വാങ്ങിയാൽ മതി | അനുവാദം വാങ്ങിയാൽ മതി | അനുവാദം വാങ്ങിയാൽ മതി |
| 2 | മറ്റുള്ള ബോർഡുകൾ (0.50 ച.മീറ്റർ വരെയുള്ളത്) | 250/- | 250 | - | 200 | -- | 100/ |
| 3 | പരസ്യബോർഡ് 0.50 ച.മീറ്റർ മുതൽ 3 ച.മീറ്റർ വരെയുള്ളത് | 500/ each | 600/each | | | -- | 100/- |
| 4 | പരസ്യബോർഡ്, 3 ച.മീറ്ററിന് മുകളിൽ 12 ച.മീ. വരെ | 1000 | 1000 each | 1000/ each | 1250/ each | 1000/ each | 100/- |
| 5 | ഹോർഡിംഗ്സ് 12 ച.മീ. കൂടുതലായി വരുന്നവ | | 200/$m^2$ | 200/- രൂപ വീതം | 5000 വീതം | 1000/ each | 100/- |



Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | ഹോർഡിംഗ്സ് 12 ച.മീ. മുതൽ | | 200/m² | 2000/- രൂപ വീതം | 5000 വീതം | 1000/ each | 100/- |
| പ്രകാശിതമാക്കിയ പരസ്യബോർഡുകൾ, സ്കൈ സൈനുകൾ (ബാക്ക് ലിറ്റ്) പ്രതിവർഷം | | | | | | | |
| 7. | പ്രകാശിതമായ പരസ്യബോർഡുകൾ, സ്കൈ സൈനുകൾ (ബാക്ക് ലിറ്റ്) പ്രതിവർഷം | 600/- | 250/സ്ക്വയർ മീറ്റർ | 5000/- വീതം | 5000/- വീതം | 1,000/- each | 100/- |
| 8. | വീഡിയോ, എൽ.സി.ഡി., എൽ.ഇ.ഡി. പ്രൊജക്ടറുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ ഓരോ ച. മീറ്ററിനും അതിന്റെ ഭാഗത്തിനും (ഔട്ട് ഡോർ) | 500/m² | 500/m² | 5000/- വീതം | 5000/- വീതം | | 100/- |
| മറ്റുള്ള പരസ്യങ്ങൾ | | | | | | | |
| 9. | വാഹന/യാന്ത്രിക ശക്തിയില്ലാതെ പ്രവർത്തിച്ചിരുന്ന ചലിക്കുന്ന വാഹനങ്ങളിലെ പരസ്യപ്രദർശനം ശബ്ദം | 7 ദിവസത്തേയ്ക്ക് 500/-രൂപ പ്രതിദിനം 7ൽ അധികംവരുന്ന ദിവസത്തിന് 300/- വീതം പ്രതി ദിനം | | | | | 100/- |
| 10. | പോസ്റ്ററുകൾ/ ബാനറുകൾ (സിനിമ മറ്റു പരിപാടികൾ) | | - | - | 5/-വീതം | | |
| 11. | അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള | | | 5000/- രൂപ വീതം 20/- സ്ക്വയർ | | | |



Scanned with OKEN Scanner

| | ചെലവ് | | | ഫീറ്റ് + എടുക്കുവാനുള്ള ചെലവ് | | | |
|---|---|---|---|---|---|---|---|

36) സ്ഥല വാടക പരസ്യം കോർപ്പറേഷൻ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള വാടക തൃശ്ശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ /പുറമ്പോക്ക് ഉൾപ്പെടെ പരസ്യം സ്ഥാപിക്കുന്നതിനു മേഖല തിരിച്ച് (പരസ്യം സ്ഥാപിക്കുന്നതിനുള്ള സ്ഥല വാടക) താഴെ പറയുന്ന രീതിയിൽ ഫീസ് ഈടാക്കുന്നത് (എൽ.ഇ.ഡി. പരസ്യം, ഹോർഡിംഗ് എന്നിവക്കു പ്രത്യേക നിരക്കിലാണ് നിശ്ചയിക്കുന്നത്)

37) കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ / കെട്ടിടത്തിന്റെ ചുമരിൽ പരസ്യം സ്ഥാപിക്കുമ്പോൾ പരസ്യ ബോർഡിന്റെ സ്ക്വയർ ഫീറ്റ് കണക്കാക്കി മേഖല തിരിച്ചു നിശ്ചയിച്ച ഫീസ് ഈടാക്കാവുന്നതാണ്. (പെർമിറ്റ് ഫീ ആവശ്യമായ ബോർഡുകൾക്കു പെർമിറ്റ് ഫീസിന് പുറമേയാണു പരസ്യ ലൈസൻസ് ഫീസ് ഈടാക്കുന്നത്).

38) പരസ്യം സ്ഥാപിക്കുന്നതു കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലമോ/ കെട്ടിടമോ അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ എൻ.ഒ.സി പെർമിറ്റിനുള്ള അപേക്ഷക്കൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള സ്ഥലത്തു കോർപ്പറേഷൻ സെക്രട്ടറിയുടെ എൻ.ഒ.സി. ആവശ്യമാണ്.

39) കുത്തക ലേലം വഴി എടുത്തിട്ടുള്ള കക്ഷികൾക്ക് ഈ ബൈലോ ബാധകമല്ല.

അനുബന്ധം – VII

I കമാനങ്ങളോ, പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് അനധികൃത ബോർഡുകൾക്കെതിരെ ചുമത്തേണ്ട പിഴയും.

| ക്രമനമ്പർ | ഇനം | ഫീസ്/പിഴ എന്നിവ |
|---|---|---|
| I. | കമാനങ്ങളോ, പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഫീസും | 100 രൂപ വീതം |
| II. | ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് ഫീസ് പ്രതിവർഷം | |
| i | പരസ്യ ബോർഡുകൾ 0.5 ച.മീ. വരെ | 200/– |
| ii | പരസ്യ ബോർഡുകൾ 0.5 ച.മീ. മുതൽ 12 ച.മീ. വരെ | 1000/– രൂപ വീതം |
| iii | ഹോർഡിംഗ്സ് 1 ച.മീറ്റർ വരെ | 500/– രൂപ വീതം |
| iv | ഹോർഡിംഗ്സ് കൂടുതലായി വരുന്ന 1 ച.മീറ്റർ മുതൽ 3 ച.മീറ്റർ വരെ | 400/– രൂപ വീതം |



Scanned with OKEN Scanner

| | | |
|---|---|---|
| v | ഹോർഡിംഗ്സ് കൂടുതലായി വരുന്ന ഓരോ ച.മീറ്ററിനും | 200/- രൂപ വീതം |
| vi | എൽ.സി.ഡി. പ്രൊജക്റ്റുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ ഓരോ ച.മീറ്ററിനും അതിന്റെ ഭാഗത്തിനും | 650/- രൂപ |
| vii | എൽ.സി.ഡി. പ്രൊജക്റ്റുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ 0.5 ച.മീറ്റർ വരെ | 400/- രൂപ |

| 1) പരസ്യങ്ങൾ വഹിക്കുന്ന ബോർഡുകൾ പ്രകാശിതമാക്കിയ പരസ്യങ്ങൾ / സ്കൈ സൈനുകൾ പ്രതിമാസം | | |
|---|---|---|
| പരസ്യത്തിന്റെ സ്വഭാവം/ വിസ്തീർണ്ണം | | തുക /രൂപ |
| എ | 1 ച.മീ.വരെയുള്ളവയ്ക്ക് | 80 |
| ബി | 3 ച.മീ.വരെയുള്ളവയ്ക്ക് | 150 |
| സി | 3 ച.മീറ്ററിന് മുകളിൽ ഉള്ളവയ്ക്ക് (ആകെ ഒറ്റ യൂണിറ്റ് ആയി) | 60 + 3 ച.മീറ്ററിന് മുകളിൽ ഉള്ള ഓരോ ച.മീറ്ററിനും 20 രൂപ വീതം |
| ഡി | എൽ.സി.ഡി പ്രൊജക്റ്റുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ ഓരോ ച.മീറ്ററിനും അതിന്റെ ഭാഗത്തിനും | 650 |
| ഇ | എൽ.സി.ഡി പ്രൊജക്റ്റുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ 0.5 ച.മീ വരെ | 400 |

| 2) മറ്റുള്ള പരസ്യങ്ങൾ | | |
|---|---|---|
| പരസ്യത്തിന്റെ സ്വഭാവം/ വിസ്തീർണ്ണം | | തുക /രൂപ |
| എ | വാഹന/യാന്ത്രിക ശക്തിയില്ലാതെ പ്രവർത്തിക്കുന്ന ചലിക്കുന്ന വാഹനങ്ങളിലെ പരസ്യപ്രദർശനം, ശബ്ദം | ഒരു ദിവസത്തേയ്ക്ക് 100/- രൂപ ഒരു ദിവസത്തിൽ കൂടുതൽ വരുന്ന ഓരോ ദിവസത്തിനും 50 രൂപ അധികമായി |
| ബി | പോസ്റ്റുകൾ / ബാനറുകൾ (സിനിമ മറ്റു പരിപാടികൾ | ഒരു ച.മീറ്ററിന് 1 രൂപ നിരക്കിൽ (കുറിപ്പ് എണ്ണം X ഒരു പോസ്റ്ററിന്റെ വിസ്തീർണ്ണം എന്ന രീതിയിൽ മൊത്തം ചതുരശ്ര മീറ്റർ |



Scanned with OKEN Scanner

| | | |
|---|---|---|
| | | വിസ്തീർണ്ണം) |
| സി | മറ്റു തരത്തിലുള്ള ഏതു പരസ്യവും | 200 രൂപ വീതം |

II തറവാടക (മൂന്ന് വർഷത്തേക്ക്)

| | | |
|---|---|---|
| 8) | | |
| എ | നഗരസഭ പ്രദേശങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദമുള്ള കോർപ്പറേഷൻ വക പൊതു തെരുവുകളിലേയും, പുറമ്പോക്ക് സ്ഥലങ്ങളിലേയും പ്രത്യേകം നിർണ്ണയം ചെയ്യുന്ന പ്രധാന സ്ഥലങ്ങളിലും, കോർപ്പറേഷൻ വക കെട്ടിടങ്ങൾക്ക് മുകളിലും ബോർഡുകൾ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള തറവാടക ഈടാക്കൽ | ലേല/ക്വട്ടേഷൻ നടപടികൾ വഴി അനുവദിക്കാവുന്നതാണ്. |
| ബി | പഴയ മുനിസിപ്പൽ പ്രദേശത്ത് മിനിമം 75/- സ്ക്വയർ ഫീറ്റ് പ്രതിവർഷം കോർപ്പറേഷനോടുകൂടി കൂട്ടിചേർത്ത പഞ്ചായത്ത് പ്രദേശത്ത് (സോണൽ ഓഫീസ് പ്രദേശത്ത്) 50/- സ്ക്വയർ ഫീറ്റിന് (കോർപ്പറഷന്റേതല്ലാത്ത പ്രൈവറ്റ് സ്ഥലങ്ങളിൽ തറവാടക ഈടാക്കുന്നതല്ല | പ്രതിമാസം 100 രൂപ |
| സി | ദിവസ അടിസ്ഥാനത്തിൽ പരമാവധി 15 ദിവസം വരെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലമനുവദിക്കുന്നതിനുള്ള തറവാടക | ഒരു ച.മീറ്ററിന് പ്രതിദിനം 10 രൂപ വീതം |

| | |
|---|---|
| കുറിപ്പ് | |
| 1 | 6 മാസത്തെ ലൈസൻസ് ഫീസ് ഡെപ്പോസിറ്റായും 1 സ്ക്വയർ മീറ്ററിന് താഴെയുള്ള പരസ്യങ്ങൾക്ക് 200രൂപ പരിശോധന ഫീസായും 1 സ്ക്വയർ മീറ്റർ മുതൽ 10 സ്ക്വയർ മീറ്റർ വരെയുള്ള പരസ്യങ്ങൾക്ക് 350/- രൂപ പരിശോധന ഫീസായും 10 സ്ക്വയർ മീറ്ററിന് മുകളിലുള്ളവയ്ക്ക് 600/- രൂപ പരിശോധന ഫീസായും നൽകേണ്ടതാണ്. |
| 2 | ഒന്നിൽ കൂടുതൽ പരസ്യ അനുമതികൾ ഒരു അപേക്ഷയിൽ നൽകിയാലും |



Scanned with OKEN Scanner

| | |
|---|---|
| | ഓരോ പരസ്യത്തിനും ഡെപ്പോസിറ്റും പരിശോധന ഫീസും പ്രത്യേകം നൽകേണ്ടതാണ്. |
| 3 | ഒരു മാസത്തിന് താഴെ മാത്രം പ്രദർശിപ്പിക്കുന്ന സിനിമ പോലുള്ള പോസ്റ്ററുകൾക്ക് ഡെപ്പോസിറ്റായി ഒന്നിന് 5 രൂപയും കുറഞ്ഞത് 100രൂപയും പരിശോധന ഫീസ് ഓരോന്നിന് 5 രൂപയും കുറഞ്ഞത് 200/- രൂപയും ആയിരിക്കുന്നതാണ്. |

അനുബന്ധം VIII

## നിരോധിത പരസ്യ വിഷയങ്ങൾ

1) വർഗ്ഗീയ, സാമുദായിക, മതസ്പർദ്ധ ഉണ്ടാക്കുന്നവ
2) വ്യക്തിഹത്യ ഉണ്ടാക്കുന്നവ
3) ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ പരസ്യം
4) നഗ്നത പ്രദർശിപ്പിക്കുന്നവ
5) ആയുധപരസ്യങ്ങൾ
6) മൃഗങ്ങൾക്കെതിരായ അതിക്രമങ്ങൾ ചിത്രീകരിക്കുന്നവ
7) സർക്കാർ/നഗരസഭ താൽപര്യങ്ങൾക്കെതിരായവ
8) നിയമങ്ങൾ/ ഇന്ത്യൻ അഡ്വർടൈസിംഗ് കൗൺസിൽ എന്നിവ മൂലം നിരോധിക്കപ്പെട്ട പരസ്യങ്ങൾ.

THRISSUR ★ CORPORATION OFFICE ★

സെക്രട്ടറി
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ



Scanned with OKEN Scanner